നം. 1894/ബിഫാം_എൽഇ/ 2011/റ്റി.എ.4/സിഇഇ

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

**പത്രക്കുറിപ്പ്**

## ബി.ഫാം. ലാറ്ററൽ എൻട്രി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2011 അഡ്മിറ്റ് കാർഡ് ലഭിക്കുന്നത് സംബന്ധിച്ച്

**11.12.2011 (ഞായറാഴ്ച)** തിരുവനന്തപുരം കേന്ദ്രമായി നടത്തുന്ന ബി.ഫാം ലാറ്ററൽ എൻട്രി പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്ന വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡ് **06.12.2011 (ചൊവ്വാഴ്ച)** മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **www.cee.kerala.gov.in** ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഔദ്യോഗിക വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ വിദ്യാർത്ഥിയുടെ അപേക്ഷാനമ്പരും ജനനതീയതിയും കൃത്യമായി നൽകിയതിനു ശേഷം '**Submit**' ബട്ടൺ ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത അഡ്മിറ്റ് കാർഡാണ് വിദ്യാർത്ഥി പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

അപേക്ഷാ നമ്പർ അടങ്ങിയ ലിസ്റ്റും ഇതിനോടൊപ്പം വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
06.12.2011